നം.ഇ.എക്സ്/എ(4)/14079/2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 15/05/2019.

പ്രേഷിതൻ

പരീക്ഷാകമ്മീഷണർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- എസ്.എസ്.എൽ.സി. പരീക്ഷ 2019 - പുനർമൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകരുടെ - അദ്ധ്യാപക പരിശീലനം - സംബന്ധിച്ച്.

സൂചന:- 13/05/2019 ലെ ഇതേ നമ്പർ കത്ത്.

...........

സൂചന പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ക്യാമ്പുകൾ 17/05/2019 മുതൽ 20/05/2019 വരെ നടത്തുവാൻ തീരുമാനിച്ചിരുന്നു. ടി പുനർമൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന ഹൈസ്കൂൾ അദ്ധ്യാപകർ ഐ.സി.റ്റി അദ്ധ്യാപക പരിശീലന പരിപാടിയിലെ മൂന്നാമത്തെ സ്പെല്ലിൽ പങ്കെടുക്കേണ്ടതാണ്. ഐ.സി.റ്റി പരിശീലന പരിപാടിയിൽ മൂന്നാമത്തെ സ്പെൽ ക്രമീകരിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ ഉപഡയറക്ടർമാർ എസ്.എസ്.എൽ.സി. പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കായി മൂന്നാമത്തെ സ്പെൽ ക്രമീകരിക്കേണ്ടതാണ്.

പുനർമൂല്യനിർണ്ണയ ക്യാമ്പുകളുടെ ചുമതല ലഭ്യമായിരുന്ന ജില്ലാവിദ്യാഭ്യാസ ആഫീസർമാർ അതാത് ക്യാമ്പ് ആഫീസർമാരുമായി ബന്ധപ്പെടുകയും മതിയായ എണ്ണം അദ്ധ്യാപകരുടെ ലഭ്യത ക്യാമ്പുകളിൽ ഉറപ്പാക്കേണ്ടതുമാണ്. അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ താങ്കളുടെ അധികാര പരിധിയിലുള്ള ഓരോ ക്യാമ്പിലേയ്ക്കും മതിയായ എണ്ണം അദ്ധ്യാപകരുടെ ലഭ്യത ഉറപ്പാക്കാൻ വേണ്ട നടപടികൾ എല്ലാജില്ലാവിദ്യാഭ്യാസ ആഫീസർമാരും കൈക്കൊള്ളേണ്ടതും ഈ വിഷയത്തിൽ അതീവ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

പരീക്ഷാകമ്മീഷണർ

പകർപ്പ്:

എല്ലാ ക്യാമ്പ് ആഫീസർമാർക്കും

M.70

പുറത്തെഴുത്ത് നമ്പർ A5/5800/2018 തീ 16/5/2019

ഇതിന്റെ പകർപ്പ് എല്ലാ പ്രധാന അദ്ധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു. 2019 വർഷത്തെ SSLC പരീക്ഷയുടെ പുനർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് നിയമനം ലഭിച്ചിട്ടുള്ള (ലിസ്റ്റ് DEO കാര്യാലയത്തിൽ ഉണ്ട്) അദ്ധ്യാപകരെ 16/05/2019 AN ൽ വിടുതൽ ചെയ്യേണ്ടതാണ്. ടി വിഷയത്തിൽ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

Ambikadevi

For ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
തൃശ്ശൂർ.